# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8164 17.07.2014 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ മുടങ്ങിക്കിടന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. അച്ചുതൻ
ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.ഡി.സതീശൻ

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻ മാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുണ്ട്.<br><br>ഇതിനു പുറമെ പദ്ധതികളുടെ വിവിധഘടകങ്ങളുടെ പണികളുടെ പുരോഗതി PASK (Project Status Alert System of Kerala) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ കീഴ്തലങ്ങളിൽ നല്കിയും വേണ്ട നടപടികൾ എടുത്തും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു പോരുന്നു. |

| | | | |
|---|---|---|---|
| | | | പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടി ആലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| | | | പൈപ്പ് ഇടുന്നതിന് ആവശ്യമായ പി.ഡബ്ല്യൂ.ഡി., നാഷണൽ ഹൈവേ, റെയിൽവേ എന്നീ വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കുന്നു. മുൻകാലങ്ങളിൽ പദ്ധതികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം പുതിയ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ത്വരിതഗതിയിൽ ആക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് വിശദാംശങ്ങൾ നൽകുമോ ; | (ബി) | മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്നു. |
| (സി) | വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | വിവിധതലങ്ങളിൽ വിവിധ വകുപ്പുകളുമായി നടത്തി വരുന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. ഇതുമൂലം പദ്ധതികളുടെ പണികൾ ത്വരിതഗതിയിൽ ആക്കുവാനും പദ്ധതികളുടെ പൂർത്തീകരണത്തോടെ കൂടുതൽ ജനങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാക്കാനും തുടർന്ന് കൂടുതൽ വാട്ടർ കണക്ഷനുകൾ കൊടുക്കുവാനും അതിനാൽ വരുമാനം ഉയർത്തി കൊണ്ടുവരുവാനും സാധിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് തന്നെ ഈ സർക്കാർ |

അധികാരമേറ്റ ശേഷം ചെറുതും വലുതുമായ 74 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന കാലഘട്ടത്തിൽ 154 പദ്ധതികൾ പൂർത്തീകരിക്കുവാനും ലക്ഷ്യമിടുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | ഇ-ടെണ്ടർ നടപ്പിലാക്കി, വാട്ടർ കണക്ഷൻ നല്കാനുള്ള നടപടികൾ ലഘൂകരിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗാർഹിക കണക്ഷൻ നല്കാനുള്ള ചുമതല നല്കി. |

സ്ഥാപന ശാക്തീകരണം, ഹെൽപ്പ്ലൈൻ പരാതികൾ സ്വീകരിക്കൽ, ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി പാസ്ക് സോഫ്ട് വെയർ ഏർപ്പെടുത്തി. വീഡിയോ കോൺഫറൻസിംഗ് വഴി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നു.

കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സ്റ്റെപ്പ്സ്, ഒ&എം, ബിൽ എൻട്രി, എച്ച്.ആർ., ഇ-അബാക്കസ്, ബില്ലിംഗ്, ഓഫീസ് ഓട്ടോമേഷന്റെ ഭാഗമായി ഓഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ